(6) കേന്ദ്രത്തിന്റെ യുവജനവിരുദ്ധ ബഡ്ജറ്റിനെതിരെയുള്ള സമരം

ശ്രീ. എം. വി. ജയരാജൻ : സർ, ഇന്നു നടക്കുന്ന ഒരു സമരം ഈ സഭയുടേയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര ബഡ്ജറ്റ് തൊഴിൽരഹിതരെ തീർത്തും നിരാശരാക്കുന്ന വിധത്തിലാണ് ഇന്നലെ അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്രബഡ്ജറ്റിലെ ഈ യുവജന വിരുദ്ധ നടപടികൾക്കെതിരെ, കേരളത്തിനെതിരെ ഒരുപാട് നിർദ്ദേശങ്ങളടങ്ങിയ ഈ ബഡ്ജറ്റിനെതിരെ ഡി.വൈ.എഫ്.ഐ.യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഇന്ന് ചെറുപ്പക്കാർ റെയിൽവേ സ്റ്റേഷനുകൾക്കു മുമ്പിൽ സമരം സംഘടിപ്പിക്കുകയാണ്. പൊതുമേഖലയേയും പൊതുവിതരണത്തേയും തകർക്കുന്ന ഒന്നാണ് കേന്ദ്ര ബഡ്ജറ്റ്. തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തി കുത്തക വ്യവസായികളെ സഹായിക്കുന്നതും തൊഴിലാളികളെ നാശത്തിലേക്ക് നയിക്കുന്നതുമാണിത്. നിയമന നിരോധനത്തെ ശക്തിപ്പെടുത്തുന്നതാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ. 10 ശതമാനം തസ്തിക വെട്ടിക്കുറയ്ക്കാൻ വേണ്ടി നിർദ്ദേശമുണ്ട്. 3,81,000 ജീവനക്കാരെ കേന്ദ്രസർവ്വീസിൽ നിന്ന് ഈ വർഷം പിരിച്ചുവിടുകയാണ്. സർവ്വീസിൽ നിന്നും മൂന്നുപേർ പിരിഞ്ഞാൽ ഒരാളെ മാത്രമേ പുതുതായി റിക്രൂട്ട് ചെയ്യാവൂ എന്ന നിർദ്ദേശം ഈ ബഡ്ജറ്റിൽ ഉണ്ട്. പുതിയ നിയമങ്ങൾ ഒരു ശതമാനം മാത്രമായിട്ട് പരിമിതപ്പെടുത്തുകയാണ്. ഫലത്തിൽ ഭാവിയിൽ കേന്ദ്ര സർവ്വീസിൽ മൂന്നിൽ രണ്ടുപേർ ഒഴിവാക്കപ്പെടുകയാണ്. ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ് ഉൾപ്പെടെയുള്ള നിരവധി നിയമന ഏജൻസികളെ ഒഴിവാക്കുകയാണ്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറ്റവും കൂടുതലുള്ള കേരളത്തിനെ ഇത് ഏറെ ദോഷകരമായിട്ട് ബാധിക്കും. സാധാരണക്കാരന്റെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന ബഡ്ജറ്റ് സമ്പന്നർക്ക് ഒട്ടേറെ സൗജന്യങ്ങൾ നൽകുകയാണ്. 4,677 കോടി രൂപയുടെ അധികഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. കേരളത്തിലെ റേഷൻ സമ്പ്രദായം ഇത് തകർക്കുകയാണ്. എഫ്.സി.ഐ. വഴി സബ്സിഡി നിരക്കിലുള്ള അരി ഇനി കേരളത്തിന് ലഭിക്കില്ല എന്നാണ് ബഡ്ജറ്റിലുള്ള നിർദ്ദേശം. തപാൽ നിരക്ക്, പഞ്ചസാര വില എന്നിവ വർദ്ധിപ്പിക്കുകയാണ്. തീപ്പെട്ടി ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് പോലും നികുതി വർദ്ധനവ് ഏർപ്പെടുത്തുകയാണ്. ഇത് ഫലത്തിൽ പിരിച്ചുവിടലും ലോക്കൗട്ടും ലേ-ഓഫും വ്യാപിപ്പിക്കുന്ന നയങ്ങൾ അടങ്ങിയിട്ടുള്ള ബഡ്ജറ്റാണ്. തൊഴിൽ രംഗത്ത് കരാർ വ്യവസ്ഥ മാത്രമാണ് ഈ ബഡ്ജറ്റ് പ്രോത്സാഹിപ്പിക്കുന്ന ഒരു നയം. പി.എഫ്. ലഘുനിക്ഷേപ പദ്ധതി ഇതിന്റെയെല്ലാം പലിശ ഒന്നര ശതമാനമായിട്ട് കുറയ്ക്കുകയാണ്. ഇതുമൂലം നമ്മുടെ നാട്ടിൽ ഒരുപാട് പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. സമ്പന്നർക്കുവേണ്ടിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. സാധാരണക്കാരെ ദ്രോഹിക്കുന്ന ഒരു ബഡ്ജറ്റാണ്. കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്ന ഒരുപാട് നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. അത് ഗൗരവമായി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും കേരളത്തിന്റെയൊക്കെ രോഷം ഈ സഭയുടെയാകെ വികാരമായി ഇത് അവതരിപ്പിക്കാനും വേണ്ടിയിട്ടാണ് ഇന്ന് കേരളത്തിൽ ഡി.വൈ.എഫ്.ഐ.യുടെ നേതൃത്വത്തിൽ സമരം നടത്തുന്നത്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, നിലവിലുള്ള സാമൂഹ്യ സുരക്ഷയാകെ തകർത്ത് കുത്തക വ്യാപാരികളേയും മുതലാളിമാരേയും മാത്രം സഹായിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ ഒരു ബഡ്ജറ്റാണ് ശ്രീ. യശ്വന്ത് സിൻഹ ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ചത്. രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും ഈ ബഡ്ജറ്റിൽ ഇല്ല. എന്നാൽ ഉള്ള തൊഴിലവസരങ്ങൾ കൂടി നഷ്ടപ്പെടുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രതിവർഷം കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നും 2 ശതമാനം തസ്തികകൾ വെട്ടികുറയ്ക്കാനാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. മൂന്നുപേർ റിട്ടയർ ചെയ്യുമ്പോൾ ഒരാളെ നിയമിച്ചാൽ മതി എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രണ്ടു വർഷമായി നിലനിൽക്കുന്ന നിയമന നിരോധനത്തിനു പുറമേയാണ് ഈ നിർദ്ദേശം. പൊതുമേഖലയെ പൂർണ്ണമായി തകർക്കാനും വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാനും ബഡ്ജറ്റിൽ ശുപാർശ ചെയ്യുന്നുണ്ട്. ബാങ്കിംഗ് മേഖലയിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്ന ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡിനെ പിരിച്ചുവിട്ട് ജീവനക്കാരെ നിയമിക്കുവാനുള്ള അവകാശം ബാങ്കുകൾക്ക് നേരിട്ട് നൽകാനുള്ള തീരുമാനം ഈ മേഖലയിൽ നിലവിലുള്ള തൊഴിൽ സാദ്ധ്യതകളെ സാരമായി ബാധിക്കും. ഇങ്ങനെ നിയമനങ്ങളിലെ സുതാര്യതയും സംശുദ്ധിയും ഇല്ലാതാക്കുവാനും അതിനുള്ള മാനദണ്ഡം പണസ്വാധീനമാക്കാനും ഇടവരുത്തും. കേരളത്തിന് ഈ ബഡ്ജറ്റ് ദോഷം ചെയ്യുന്നുണ്ട്. പഞ്ചസാര വില കൂട്ടി നിശ്ചയിച്ചത് പഞ്ചസാര ലോബിയെ സഹായിക്കുന്നതിനാണ്. ഇത് സാധാരണക്കാരെ വിഷമിപ്പിക്കുന്നതാണ്. കാപ്രോലാക്ടത്തിന്റെ ഇറക്കുമതി ചുങ്കം വീണ്ടും വെട്ടിച്ചുരുക്കിയതുകൊണ്ട് ആ ഫാക്ടറി തന്നെ നിലനിൽക്കുമോ എന്ന് സംശയിക്കുന്നു. അത് പൂട്ടേണ്ടിവരുന്ന ഒരു സ്ഥിതിയിലേക്ക് എത്തും. ആയിരം തൊഴിലാളികൾ വരെ ജോലിചെയ്യുന്ന സ്ഥലത്ത് ലേ-ഓഫ് വ്യാപിപ്പിക്കാനും വ്യവസായം പൂട്ടാനുമുള്ള എല്ലാ സ്വാതന്ത്ര്യവും നൽകുന്നു. പിരിച്ചുവിടലും ലോക്കൗട്ടും ലേഓഫും വ്യാപിപ്പിക്കുന്നു. ഇത്തരം നയങ്ങൾ അനുവദിക്കുന്നതാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് തൊഴിൽ അവസരങ്ങൾ നഷ്ടമാകുന്നതും തൊഴിൽ സുരക്ഷിതത്വത്തിന് നേരെ വൻഭീഷണി ഉയർത്തുന്നതുമായ കേന്ദ്രസർക്കാരിന്റെ ഈ ബഡ്ജറ്റ് നയങ്ങൾക്ക് എതിരെ ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. അതിന് ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

(7) കാക്കര മഹാദേവർ ക്ഷേത്രത്തിന്റെ ഉന്നതിക്കാവശ്യമായ ഭൂമി ക്ഷേത്രസമിതിയുടെ പേരിൽ കൈമാറ്റം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ കോന്നി താഴം വില്ലേജിൽ ആവോലിക്കുഴി എന്ന സ്ഥലത്ത് വനഭൂമിയോട് ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് കാക്കര മഹാദേവർ ക്ഷേത്രം. ഈ ക്ഷേത്രം 1973 മുതൽ നാട്ടുകാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയുടെ ഭരണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly